(ബി) ഇല്ല.

(സി) ടെൽക്ക് സി.എം.ഡി. ആകുന്നതിനുമുൻപ് അദ്ദേഹം 1994 നവംബർ വരെ ഇന്ത്യൻ നേവിയിലും 1999 നവമ്പർ വരെ ഗോവാ ഷിപ്പ്യാർഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായും പ്രവർത്തിച്ചിരുന്നു.

(ഡി) ടെൽക്ക് സി.എം.ഡി. യുടെ ബാങ്ക് അക്കൗണ്ടുകൾ ഇപ്പോൾ മരവിപ്പിച്ചിട്ടുള്ളതായോ സ്വത്ത് വിൽക്കുന്നത് തടഞ്ഞിട്ടുള്ളതായോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ടെൽക്കിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ബി.ഐ.എഫ്.ആർ. 17-1-2000-ൽ ബന്ധപ്പെട്ട കക്ഷികളുടെ ഒരു യോഗം വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ കമ്പനിയുടെ പുനരുദ്ധാരണത്തിനായി ഒരു പുതുക്കിയ പുനരുദ്ധാരണ പദ്ധതി സമർപ്പിക്കണമെന്നതടക്കമുള്ള ചില നിർദ്ദേശങ്ങൾ സി.ഐ.എഫ്.ആർ. നൽകുകയുണ്ടായി. ഇത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ടെൽക്ക് ലിമിറ്റഡിൽ പുതുതായി നിയമിതനായ സി.എം.ഡി. യുടെ ചില നടപടികൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

കെ.എ.എൽ. -ലെ കമ്പ്യൂട്ടർവൽക്കരണം

20 (2017) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരിച്ചു ;

(സി) ഇതിനായി ആകെ എന്തുതുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കൗണ്ട്സ്, സ്റ്റോഴ്സ്, ശമ്പളവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും കോസ്റ്റിംഗ് എന്നീ വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുണ്ട്.

(സി) 21.28 ലക്ഷം രൂപ ചെലവഴിച്ചു.

ട്രെയിനിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

21 (2018) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.:

(എ) ട്രാക്കോ കേബിൽ കമ്പനിയിലെ ട്രെയിനിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച ഹൈക്കോടതിയുടെ വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly